# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2407 — 20.06.2012-ൽ മറുപടിക്ക്

## അന്യ സംസ്ഥാന തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാന തൊഴിലാളികൾ ഏതൊക്കെ മേഖലകളിലാണ് തൊഴിലെടുക്കുന്നതെന്നും ഇവരുടെ സേവന - വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | നിർമ്മാണ മേഖലയിലാണ് പ്രധാനമായും അന്യ സംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നത്. 1948 ലെ മിനിമം വേതന നിയമപ്രകാരം ബന്ധപ്പെട്ട മേഖലകളിൽ നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ അന്യസംസ്ഥാന തൊഴിലാളികൾക്കും ബാധകമാണ്. കൂടാതെ 1975 ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് താമസസൗകര്യം, കുറഞ്ഞ നിരക്കിൽ ഭക്ഷണം, യാത്രാചെലവ് എന്നിവ നൽകുന്നതിനും വ്യവസ്ഥ ഉണ്ട്. |
| (ബി പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) | അന്യ സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഇവർക്ക് നിയമം അനുശാസിക്കുന്ന കുറഞ്ഞ കൂലി, പേയ്മെൻറ് ഓഫ് വേജസ് ആക്റ്റ് തുടങ്ങിയ നിയമങ്ങൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ